**<u>അഫ്ഗാനിസ്ഥാന് പ്രസിഡണ്ടിന്റെ ഇന്ത്യ സന്ദര്ശനം - ഡിസംബര് 12-15, 2013</u>**

ഡിസംബര് 14, 2013

ഇന്ത്യ ഗവണ്മെന്റിന്റെ ക്ഷണം സ്വീകരിച്ച് ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് അഫ്ഗാനിസ്ഥാന് പ്രസിഡണ്ട് ആദരണീയനായ ഹമീദ് കര്സായി ഇന്ത്യ സന്ദര്ശിച്ചു. ഡിസംബര് പന്ത്രണ്ടു മുതല് പതിനഞ്ചു വരെ നീണ്ട സന്ദര്ശനത്തില് പ്രസിഡണ്ട് കര്സായി ആദരണീയനായ ഇന്ത്യയുടെ രാഷ്ട്രപതി ശ്രീ പ്രണാബ് മുഖര്ജി, പ്രധാനമന്ത്രി ഡോ. മന് മോഹന് സിംഗ് എന്നിവരുമായി കൂടിക്കാഴ്ച നടത്തി. കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രി ശ്രീ സല്മാന് ഖുര്ഷിദ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ ശിവശങ്കര് മേനോന് എന്നിവരും പ്രസിഡണ്ട് ഹമീദ് കര്സായിയുമായി കൂടിക്കാഴ്ച നടത്തി
ഉഭയകക്ഷി സംഭാഷണങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി ഇന്ത്യയും അഫ്ഗാനിസ്ഥാനും തമ്മിലുള്ള ശക്തമായ വിശാലാടിസ്ഥാനത്തിലുള്ള തന്ത്രപ്രധാന പങ്കാളിത്തത്തെ കുറിച്ച് വളരെ സന്തോഷം പ്രകടിപ്പിച്ചു . മേഖലാ ആഗോള പരിതസ്ഥിതികളെ കുറിച്ചുള്ള കാഴ്ചപ്പാടുകള് അവര് പങ്ക് വയ്ക്കുകയും ചെയ്തു.

ഉഭയകക്ഷി ബന്ധങ്ങളെ കുറിച്ച് പ്രത്യേകിച്ചും തന്ത്രപ്രധാന കരാര് നടപ്പാക്കുന്നതിലെ പുരോഗതിയെ കുറിച്ചുമൊക്കെ ഇരു നേതാക്കളും വളരെ സംതൃപ്തിയോടെയും ഊഷ്മളവുമായാണ് സംസാരിച്ചത് .

ഇപ്പോള് തുടര്ന്നു കൊണ്ടിരിക്കുന്ന സുരക്ഷാ മാറ്റങ്ങള് , അഫ്ഗാനിസ്ഥാനും മറ്റ് രാജ്യങ്ങളുമായുള്ള ബന്ധങ്ങള് ഉള്പ്പെടെ അഫ്ഗാനിസ്ഥാനിലെ രാഷ്ട്രീയ , സുരക്ഷാ, സാമ്പത്തിക അവസ്ഥകള്

പ്രസിഡണ്ട് കര്സായി പ്രധാനമന്ത്രിയെ അറിയിച്ചു.  മേഖലയിലെ സുരക്ഷയ്ക്കും സമാധാന്തിനും സംഭാവങ്കല് നല്കാന് പ്രാപ്തമായ തരത്തില് ശക്തവും ഐക്യമുള്ളതും , സ്ഥിരവും സമാധാനമായതും പുരോഗതിയിലേക്ക് കുതിക്കുന്നതുമായ അഫ്ഗാനിസ്ഥാന് നിര്മിക്കുന്നതില് അഫ്ഗാനിസ്ഥാനിലെ ജനങ്ങളുടെയും അഫ്ഗാനിസ്ഥാന് ഗവണ്മെന്റിന്റെ കാര്യക്ഷമതയെയും കുറിച്ച് ഇന്ത്യക്കുള്ള ഉറച്ച വിശ്വാസം പ്രധാനമന്ത്രി അറിയിച്ചു.  ഈ മാറ്റങ്ങളിലും തുടര്ന്നും അഫ്ഗാനിസ്ഥാന് ഇന്ത്യ പിന്തുണ നല്കുമെന്ന് അദ്ദേഹം ആവര്ത്തിച്ചു പ്രസ്താവിച്ചു .  മേഖലാ ഐക്യവും വികസനവുമെന്ന ലക്ഷ്യം നടപ്പാക്കുവാനായിട്ടുള്ളതിന്റെ ഭാഗമായി  മേഖലാ സഹകരണം ശക്തിപ്പെടുത്തുന്നതിന് ഹാര്ട്ട് ഓഫ് ഏഷ്യ പദ്ധതി  ഉള്പ്പെടെ കൂടുതല് പ്രവര്ത്തിക്കാമെന്ന് ഇരു നേതാക്കളും തീരുമാനിച്ചു. മേഖലയില് സുരക്ഷയും ഹാര്ട്ട് ഓഫ് എഴ്യ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ജനുവരി പതിനേഴ് രണ്ടായിരത്തി പതിനാലില് ഇന്ത്യയില്  വച്ച് നടക്കും

.  സമാധാനവും സുരക്ഷയും ഉറപ്പാക്കുവാനുള്ള നിരന്തരമായ ലക്ഷ്യത്തിന് വേണ്ടി തന്ത്രപ്രധാന പങ്കാളിത്തത്തിനനുസരിച്ച് എല്ലാ മേഖലയിലും പങ്കാളിത്തം കൂടുതല് തീവ്രമാക്കുവാന് വേണ്ട പ്രതിബദ്ധത പ്രധാനമന്ത്രിയും പ്രസിഡണ്ട് കര്സായിയും ഉറപ്പിച്ച് പറഞ്ഞു. വ്യാപാര കണ്ണികളിലൂടെ, വിദ്യാഭ്യാസ സ്കോളര്ഷിപ്പുകളിലൂടെ , ഇന്ത്യയുടെ സഹായത്തോടെയുള്ള വികസന പുനര്നിര്മ്മാണ പദ്ധതികള് നടപ്പാക്കുന്നതിലൂടെ  എല്ലാ മേഖലയിലും സാമൂഹ്യ - സാമ്പത്തിക വികസനത്തിനായുള്ള ഇന്ത്യയുടെ pinthuna  തുടരുമെന്ന് പ്രധാനമന്ത്രി ഉറപ്പ് പറഞ്ഞു. അഫ്ഗാനിസ്ഥാനിലെക്കും അത് കഴിഞ്ഞുമുള്ള  വ്യാപാര - ഗതാഗത സൌകര്യങ്ങള്ക്കു വേണ്ടി പുതിയ വ്യാപാര പാതകള് വികസിപ്പിക്കുന്നതിനായി  ഇസലാമിക് റിപ്പബ്ലിക് ഓഫ്

ഇറാനുമായി പ്രവര്ത്തിക്കാമെന്ന് രണ്ടു നേതാക്കളും തീരുമാനിച്ചു.

സുരക്ഷാ സഹകരണം ആഴമുള്ളതാക്കാമെന്ന് ഇരു നേതാക്കളും തീരുമാനിച്ചു . അഫ്ഗാനിസ്ഥാന് ദേശീയ സുരക്ഷാ - പ്രതിരോധ സേനയുടെ അടിസ്ഥാന സൌകര്യങ്ങള്ക്ക് വേണ്ട ഉപകരണങ്ങള് നല്കുന്നതും പരിശീലനം ശക്തമാക്കുന്നതും ഉള്പ്പെടെ ആണിത്. ഇത് അവരുടെ പ്രവര്ത്തന ശേഷിയെ വര്ദ്ധിപ്പിക്കുവാന് സഹായിക്കും. അഫ്ഗാനിസ്ഥാന് ഉദ്യോഗസ്ഥര്ക്ക് ഉയര്ന്ന സൈനിക വിദ്യാഭ്യാസം ഇന്ത്യയില് നല്കുന്നതിനുള്ള സാധ്യതകള് വികസിപ്പിക്കുവാനും ഇരു നേതാക്കളും തീരുമാനിച്ചു. ഇന്ത്യയുടെ ദൌത്യങ്ങളെയും ഉദ്യോഗസ്ഥരെയും അഫ്ഗാനിസ്ഥനില് സംരക്ഷിക്കുന്നതില് അഫ്ഗാനിസ്ഥാന് ഗവണ്മെന്റ് നല്കുന്ന പിന്തുണയ്ക്ക് പ്രസിഡണ്ട് ഹമീദ് കര്സായിയോടു രാഷ്ട്രപതി നന്ദി രേഖപ്പെടുത്തി. ഓഗസ്റ്റ് രണ്ടായിരത്തി പതിമൂന്നില് ജലാലാബാദിലെ ഇന്ത്യന് കോണ്സുലേറ്റിന് നേരെയുണ്ടായ ചാവേര് ആക്രമണത്തെ നേരിട്ട അഫ്ഗാന് സുരക്ഷാ സൈന്യത്തോടുള്ള അകമഴിഞ്ഞ നന്ദി രാഷ്ട്രപതി രേഖപ്പെടുത്തി . ഇരു രാജ്യങ്ങളെയും മൊത്തം മേഖലയെയും ബാധിക്കുന്ന തീവ്രവാദത്തിനും വിഘടന പ്രവര്ത്തനങ്ങള്ക്കുമെതിരെ ഇരു രാജ്യങ്ങളും അതോടൊപ്പം അന്താരാഷ്ട്ര സമൂഹത്തിനുമൊപ്പവും ഒരുമിച്ച് പ്രവര്ത്തിക്കാമെന്ന് ഇരു നേതാക്കളും ആവര്ത്തിച്ചു പറഞ്ഞു.

രാഷ്ട്രപതി പ്രണബ് മുഖര്ജി പ്രസിഡണ്ട് കര്സായിയുടെ ബഹുമാനാര്ഥം ഒരു സ്വകാര്യ അത്താഴവിരുന്നു ഒരുക്കിയിരുന്നു. അവിടെ വച്ച് ഇരു നേതാക്കളും പൊതു താതപര്യമുള്ള ഉഭയകക്ഷി, മേഖലാ, അന്താരാഷ്ട്ര വിഷയങ്ങള് ചര്ച്ച ചെയ്യുകയുണ്ടായി . സറാഞ്ച് ദലാറം ഹൈവേ ഉദ്ഘാടനം

ചെയ്യുന്നതിന്റെ ഭഗാമായി അഫ്ഗാനിസ്ഥാന് സന്ദര്ശിച്ച കാര്യം രാഷ്ട്രപതി ഓര്ക്കുകയുണ്ടായി. അഫ്ഗാനിസ്ഥാന് സന്ദര്ശിക്കുന്നതിന് രാഷ്ട്രപതിയെ പ്രസിഡണ്ട് ഹമീദ് കര്സായി ക്ഷണിച്ചു .

പ്രസിഡണ്ട് കര്സായിയെ ഒരു ഉന്നതതല പ്രതിനിധി സംഘം അനുഗമിച്ചു. അവരില് ഇപ്പോള് നിലവിലുള്ള വിദേശകാര്യ മന്ത്രി ശ്രീ സരാര് അഹമ്മദ് ഒസ്മാനി , ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ഡോ. രംഗിന്ദട്ഫര്സ്പാന്റ (Dr. RanginDadfarSpanta), നിലവില് ചുമതലയുള്ള വ്യാപാര വ്യവസായ മന്ത്രി ശ്രീ ശേഖര് കര്ഗര് തുടങ്ങിയവരും മറ്റ് ഉന്നത ഉദ്യോഗസ്ഥരും സംഘത്തില് ഉള്പ്പെട്ടിരുന്നു ,

ന്യൂ ഡെല്ഹി
14 ഡിസംബര് 2013.